**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1252** **07-02-2023 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മണ്ഡലത്തിലെ ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി മണ്ഡലത്തിലെ ഗതാഗതയോഗ്യമല്ലാത്ത പൊതുമരാമത്ത് റോഡുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ചന്നയിൽ - പള്ളിയാലിൽ – മൂലോട്ട് മൂല റോഡ് - (0/200 - 1/500), ഹെൽത്ത് സെന്റർ – ചക്കുംപുള റോഡ് - (0/300-2/500) എന്നീ റോഡുകൾ ആണ് കൂടുതൽ അറ്റകുറ്റപ്പണി ആവശ്യമുള്ളത് . |
| (ബി) | പ്രസ്തുത റോഡുകളുടെ നവീകരണത്തിനും അവ ബി. എം. ബി. സി ചെയ്യുന്നതിനുമായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | വെട്ടുകാട് - ഒളവെട്ടൂർ മുണ്ടുമുഴി റോഡ് കി.മീ. 0/000 മുതൽ 13/680 കി.മീ (മുഴവൻ റോഡ്) വരെയുള്ള റോഡിന് കിഫ്ബിയിൽ നിന്ന് അനുമതി ലഭ്യമാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.. വെട്ടുകാട് മുതൽ പുളിക്കൽ വരെയുള്ള ഭാഗം ബി.എം.& ബി.സി ചെയ്ത് നവീകരിക്കുന്നതിനുള്ള സാമ്പത്തിക അനുമതിക്കായി 7.36 കോടി രൂപയുടെ എസ്റ്റിമേറ്റ് കിഫ്ബിക്കു സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത റോഡുകളിൽ റണ്ണിങ് കോൺട്രാക്ട് വ്യവസ്ഥയിൽ നന്നാക്കുന്ന റോഡുകൾ ഏതെല്ലാമാണെന്നും ഇവയിലൂടെ എന്തെല്ലാം നവീകരണ സാധ്യതകളാണ് ഉള്ളത് എന്നും വിശദമാക്കുമോ? | (സി) | 1. ആല്പങ്ങൽ - വലിയപറമ്പ് നീറാട് റോഡ് കി.മീ. 1//000 മുതൽ 3/200 വരെ<br><br>2. പേങ്ങാട് - ആല്പങ്ങൽ റോഡ് കി.മീ. 3/000 മുതൽ. 5/970 വരെ<br><br>3, ഐക്കരപ്പടി ഒളവെട്ടൂർ റോഡ് കി.മീ. 2/500 മുതൽ 9/990 വരെ<br><br>4. പരപ്പനങ്ങാടി - അരീക്കോട് റോഡ് കി.മീ. 20/020 മുതൽ 28/670 - വരെ.<br><br>5. ഫറോക്ക് -കോളേജ് - വാഴക്കാട് റോഡ് കി.മീ. 4/300 മുതൽ 11/720 വരെ<br><br>6. പെരിങ്ങാവ് - കോട്ടുപാടം റോഡ് കി.മീ. 0/000 മുതൽ 1/000 വരെ<br><br>7. പുളിക്കൽ - ചെവിട്ടാണിക്കുന്ന് - വെട്ടുകാട് റോഡ് കി.മീ. 0/000 മുതൽ 9/990 വരെ |

| | | | |
|---|---|---|---|
| | | | 8. വെട്ടുകാട് - ഒളവെട്ടൂർ മുണ്ടുമൂഴി റോഡ് കി.മീ 0/000 മുതൽ 1/670 വരെ,<br><br>എന്നീ നിരത്തു വിഭാഗത്തിനു കീഴിലുള്ള റോഡുകൾ റണ്ണിംഗ് കോൺടാക്ട് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. റണ്ണിംഗ് കോൺടാക്ട് പ്രവൃത്തികളിൽ പ്രീമൺസൂൺ പ്രവൃത്തികൾ, കുഴിനികത്തൽ അടിയന്തര അറ്റകുറ്റപ്പണികൾ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>നിരത്ത് പരിപാലന വിഭാഗത്തിന് കൈമാറി നൽകിയ 2 റോഡുകൾ പൊതുമരാമത്ത് വകുപ്പ് സ്റ്റാൻഡേർഡ് അനുസരിച്ചുള്ള വീതി ഇല്ലാത്തതും മണ്ണ് റോഡുകളുമാണ്. അവ റണ്ണിംഗ് കോൺട്രാക്റ്റ് വ്യവസ്ഥയിൽ നന്നാക്കാൻ സാധിക്കുന്നവയല്ല. |

സെക്ഷൻ ഓഫീസർ